ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

0471 2561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം– സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ക്യൂ ഐ പി ഡെപ്യൂട്ടേഷൻ (2022-23 എം ടെക് അഡ്മിഷൻ ) പൂർത്തീകരിക്കുന്ന മുറയ്ക്ക് സർക്കാർ പോളിടെക്നിക് കോളേജിലെ ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗം ലക്ചറർ തസ്തികയിൽ പുനർ നിയമനം അനുവദിച്ച് ഉത്തരവ് – പുറപ്പെടുവിക്കുന്നു

---

**ജീവനക്കാര്യം (സി ) വിഭാഗം**

**നം.DTETVM/5269/2024-EC1 (EC) തിരുവനന്തപുരം, തീയതി : 27-06-2024**

---

വായന :-

1. 25.08.2021ലെ G O (Rt) നം.1106/2021/H.Edn നമ്പർ സർക്കാർ ഉത്തരവ്.
2. 06.09.2022, 07.01.2023 എന്നീ തീയതികളിലെ ഈ കാര്യാലയത്തിലെ നടപടിക്രമം നമ്പർ എൽ2/4006/22/ഡിടിഇ ഉത്തരവ്
3. 10.05.2024 ലെ പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൻറെ കത്ത് നമ്പർ ഇ1/534/22/ജിപിസി-പി എൽ കെ
4. 17.05.2024 ലെ മഞ്ചേരി സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൻറെ കത്ത് നമ്പർ ഇ1/307/22/
5. 23.05.2024 ലെ കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൻറെ കത്ത് നമ്പർ ESTABLISHMENT 3/1/23/ജിപിസി-കെ എൻ ആർ
6. ശ്രീ ഹരികൃഷ്ണൻ ബി എസ്, ശ്രീ പ്രശാന്ത് സൈമൺ, ശ്രീ ഷാജുൽ ദിനേഷ് എ എന്നീ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് ലക്ചറർമാർ സമർപ്പിച്ച 03.05.2024, 14.05.2024 എന്നീ തീയതികളിലെ അപേക്ഷകൾ
7. ശ്രീ പടിയിൽ ശിവകൃഷ്ണ, ടെക്സ്റ്റൈൽ ടെക്നോളജി ലക്ചറർ സമർപ്പിച്ച 15.05.2024 ലെ അപേക്ഷ

**ഉത്തരവ്**

വായന (1),(2) ഉത്തരവ് പ്രകാരം പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലെ ഇലക്ട്രിക്കൽ& ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് ലക്ചറർമാരായ ശ്രീ ഹരികൃഷ്ണൻ ബി എസ്,ശ്രീ പ്രശാന്ത് സൈമൺ എന്നിവർക്കും മഞ്ചേരി സർക്കാർ പോളിടെക്നിക് കോളേജിലെ ശ്രീ ഷാജുൽ ദിനേഷ് എ യ്ക്കും QIP പദ്ധതി പ്രകാരം എം ടെക് പഠനത്തിനായി കോഴിക്കോട് NIT യിലും കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിലെ ടെക്സ്റ്റൈൽ ടെക്നോളജി ലക്ചറർ ശ്രീ പടിയിൽ ശിവകൃഷ്ണയ്ക്കു AICTE QIP വഴി VJTI, Mumbai-400019 ലും എം ടെക് കോഴ്സ് (2022-23 അഡ്മിഷൻ) ഉപരിപഠനത്തിനായി അനുമതി നൽകുകയുണ്ടായി. ഡെപ്യൂട്ടേഷൻ

പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർ നിയമനത്തിന് വായന (3),(4),(5),(6),(7) പ്രകാരം പ്രസ്തുത ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ടി ഉദ്യോഗസ്ഥർക്ക് ചുവടെ കൊടുത്തിരിക്കുന്നതനുസരിച്ച് അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ& ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്/ ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗം ലക്ചറർ തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം എം.ടെക് കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, രണ്ട് വർഷ കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ (ഏതാണോ ആദ്യം വരുന്നത് ) പുന: നിയമനം നല്കി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, സ്ഥാപനത്തിന്റെ പേര്, പെൻ നമ്പർ, QIP സെൻറർ. | നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.ഹരികൃഷ്ണൻ ബി എസ്,<br>ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ,സർക്കാർപോളിടെക്നിക്ക് കോളേജ് പാലക്കാട് (PEN:888702)<br>**(NIT, കോഴിക്കോട്** ) | സർക്കാർ പോളിടെക്നിക്ക് കോളേജ് പാലക്കാട് |
| 2 | ശ്രീ.പ്രശാന്ത് സൈമൺ,<br>ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ, സർക്കാർപോളിടെക്നിക്ക് കോളേജ് പാലക്കാട് (PEN: 794562)<br>( **NIT, കോഴിക്കോട്)** | സർക്കാർ പോളിടെക്നിക്ക് കോളേജ് പാലക്കാട് |
| 3 | ശ്രീ ഷാജൽ ദിനേഷ് എ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ, സർക്കാർ പോളിടെക്നിക്ക് കോളേജ് മഞ്ചേരി (PEN: 863405)<br>**(NIT, കോഴിക്കോട്)** | സർക്കാർ പോളിടെക്നിക്ക് കോളേജ്, കണ്ണൂർ |
| 4 | ശ്രീ പടിയിൽ ശിവകൃഷ്ണ, ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗം ലക്ചറർ, സർക്കാർ പോളിടെക്നിക്ക് കോളേജ്, കണ്ണൂർ (PEN: 756831)<br>(**VJTI, Mumbai-400019**) | സർക്കാർ പോളിടെക്നിക്ക് കോളേജ്, കണ്ണൂർ |

2024 പൊതു സ്ഥലം മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള അർഹമായ അപേക്ഷകൾ പരിഗണിക്കപ്പെടുകയാണെങ്കിൽ പുനർ നിയമനം ലഭിച്ച സ്ഥാപനത്തിൽ നിന്നും സ്ഥലം മാറ്റി നിയമിക്കുന്നതാണ്.

പുനർനിയമനം നൽകപ്പെട്ട സ്ഥാപനത്തിലെ സ്ഥാപനമേധാവികൾ ടി അദ്ധ്യാപകരുടെ ക്യൂ.ഐ.പി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് / കോഴ്സ് പൂർത്തീകരിച്ച സാക്ഷ്യപത്രം പരിശോധിച്ച് പുന:പ്രവേശനം അനുവദിക്കേണ്ടതും, ഇവരുടെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Signed by
Shalij P R
Date: 27-06-2024 15:26:10

SHALIJ P R
DIRECTOR(I/C)

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).QIP centre :National Institute of Technology Calicut/ VJTI, Mumbai-400019
2. സൂപ്രണ്ട്, പ്ലാനിങ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി